**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1022

01-07-2015 - ൽ മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളീയരുടെ പിന്നോക്കാവസ്ഥ

ചോദ്യം

ശ്രീ.കെ.ശിവദാസൻ നായർ :

ഉത്തരം

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളീയർ പിന്നോട്ട് പോകുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം പിന്നോട്ടുപോയി എന്നു പറയാനാവില്ല. 2009-10 -ൽ പ്രവേശന അനുപാതം (GER) 13.8 ആയിരുന്നത് 2010-11 - ൽ 19.4 ലും, 2014-15 -ൽ 24% ൽ കൂടുതൽ ആണ്. 2012-13 ൽ ഇന്ത്യയുടെ (GER) 18% ആയിരുന്നു. എന്നാൽ കേരളത്തിന്റേത് 21.9% ആണ്. |
| ബി) നിരന്തര മൂല്യ നിർണ്ണയത്തിലൂടെ കുട്ടികളിലെ ഗവേഷണ ത്വര പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം നേടിയെടുക്കാൻ ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ; | ബി) യൂണിവേഴ്സിറ്റിയിൽ ബിരുദതലത്തിൽ വിദ്യാർത്ഥികളെ നിരന്തര മൂല്യ നിർണ്ണയത്തിന് വിധേയമാക്കുന്ന ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ മാതൃകയിലുള്ള പാഠ്യരീതി. വിദ്യാർത്ഥികളിലെ ഗവേഷണത്വര പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇന്റേണൽ പരീക്ഷകൾ, പ്രബന്ധാവതരണങ്ങൾ,സെമിനാറുകൾ,പ്രായോഗിക പരിശീലന പരിപാടികൾ, പ്രോജക്ടുകൾ,സയന്റിഫിക്ക് റിസേർച്ച് മെത്തോഡോളജി ക്ലാസുകൾ, ചർച്ചകൾ, സയന്റിഫിക്ക് റിപ്പോർട്ട് മുതലായവ പഠനപ്രക്രിയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) ഉദ്ദേശ്യ ലക്ഷ്യങ്ങൾ എത്രമാത്രം നേടാനായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | സി) പ്രസ്തുത പദ്ധതികൾ പ്രാരംഭ ഘട്ടത്തിലാണെങ്കിലും ഉദ്ദേശ ലക്ഷ്യം ഒരു പരിധിവരെ നേടാനായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ